**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 299** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിലേയ്ക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു, ശ്രീ. പി. മമ്മിക്കുട്ടി, ശ്രീ. ടി.ഐ.മധുസൂദനൻ, ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ആരംഭിച്ച ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിലൂടെ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുള്ള തൊഴിലവസരങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തതയിലേക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനായും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പരിപാടിയാണ് "ഞങ്ങളും കൃഷിയിലേക്ക്".<br><br>സംസ്ഥാനത്തെ കാർഷിക സ്വയം പര്യാപ്തതയിലേക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ 25887 കൃഷിക്കൂട്ടങ്ങൾ (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉല്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ 15,249 കൃഷിക്കൂട്ടങ്ങൾ കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ നടപടി തുടർന്നു വരുന്നു. ഈ പരിപാടി നടപ്പിലാക്കുക വഴി 1,36,344 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന ബജറ്റിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്നും ഇത് ഏതൊക്കെ രീതിയിലാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ ഞങ്ങളും കൃഷിയിലേക്ക് പരിപാടിയുമായി ബന്ധപ്പെട്ട് പ്രത്യേകമായി തുക നീക്കി വച്ചിരുന്നില്ല.<br><br>2023-24 സാമ്പത്തിക വർഷത്തിൽ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ നടത്തിപ്പിനായി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ